# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2233 — 20.06.2012 ൽ മറുപടിക്ക്

### പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുന്നയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) പുന്നയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ മിനി പി.എച്ച്.സി.സ്റ്റാന്റേഡിലുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. മാത്രമല്ല പി.എച്ച്.സി.കളുടെ ഉദ്ദേശം കിടത്തി ചികിത്സ നല്കുക എന്നുള്ളതല്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളും ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പുമാണ് പി.എച്ച്.സി. കളുടെ പ്രധാന ലക്ഷ്യം. |
| (ബി) തീരദേശത്തെ ജനങ്ങളുടെ ആവശ്യം അംഗീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; | (ബി) കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അധിക സ്റ്റാഫ്, ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് എന്നിവ ആവശ്യമായുണ്ട്. |
| (സി) രണ്ടു കെട്ടിടങ്ങൾ കിടത്തി ചികിത്സ നടത്തുന്നതിന് സൗകര്യപ്രദമായ നിലയിൽ നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിലുണ്ടോ ? | (സി) ഇല്ല. പഞ്ചായത്ത് മുഖേന നിർമ്മിച്ച ഒരു പഴയ കെട്ടിടമാണ് നിലവിലുള്ളത്. |

B.V.[signature]

സെക്ഷൻ ഓഫീസർ